# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. T 53** **10.03.2015–ലെ മറുപടിക്ക്**

## <u>ശമ്പള പരിഷ്കരണം</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. റ്റി.യു. കുരുവിള<br>ശ്രീ. സി.എഫ്. തോമസ് | ശ്രീ. കെ.എം. മാണി<br>ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും<br>വകുപ്പുമന്ത്രി |

| | | |
|---|---|---|
| (എ) | സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | സംസ്ഥാന സർക്കാർ ജീവനക്കാരുടെയും, അദ്ധ്യാപകരുടെയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന് 30.11.2013 ലെ സ.ഉ. (കൈ) നം. 583/2013/ധന പ്രകാരം സർക്കാർ 10–ാം ശമ്പളപരിഷ്കരണ കമ്മീഷനെ നിയമിക്കുകയുണ്ടായി. 12.06.2014 ലെ സ.ഉ. (കൈ) നം. 218/2014/ധന പ്രകാരം 04.12.2014 വരെയും, 29.11.2014 ലെ സ.ഉ. (കൈ) നം.521/2014/ധന പ്രകാരം 30.06.2015 വരെയും കാലാവധി രണ്ടു തവണ ദീർഘിപ്പിച്ചു നൽകുകയുണ്ടായി. ഇപ്പോൾ കമ്മീഷന്റെ പ്രവർത്തനം അന്തിമ ഘട്ടത്തിലാണ്. |
| (ബി) | ശമ്പള പരിഷ്കരണം സമയബന്ധിതമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | കമ്മീഷന്റെ അന്തിമ റിപ്പോർട്ട് ലഭ്യമായതിന് ശേഷം സർക്കാർ ശമ്പള പരിഷ്കരണം സംബന്ധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ